**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 300** **27-06-2024 - ൽ മറുപടിയ്ക്ക്**

**സ്ഥാപനങ്ങൾ തമ്മിലുള്ള അക്കാദമിക സഹകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ വി കെ പ്രശാന്ത്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങൾ തമ്മിൽ അക്കാദമിക സഹകരണത്തിൽ ഏർപ്പെടുന്നത് വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗത്തിനും വിശാലമായ വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനും ഉതകുമെന്നതിനാൽ അവയുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗത്തിനും വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങൾ തമ്മിൽ സഹകരണത്തിൽ ഏർപ്പെട്ടുവരുന്നു. അക്കാദമിക, ഗവേഷണരംഗത്തെ സഹകരണത്തിനും തൊഴിൽ നൈപുണ്യ വികസനത്തിനുമായി സർവകലാശാലകൾ സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.<br><br>ദേശീയവും അന്തർദേശീയവുമായ വിവിധ സ്ഥാപനങ്ങളുമായും സംസ്ഥാന സർവകലാശാലകൾ അക്കാദമിക, ഗവേഷണ സഹകരണത്തിൽ ഏർപ്പെടുന്നുണ്ട്.<br><br>കേരളത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളായ ജവഹർ ലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KSCSTE-JNTBGRI), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, സെൻറർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെൻറ് ആൻഡ് മാനേജ്മെൻറ്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ, പശ്ചിമഘട്ട റീജിയണൽ സ്റ്റേഷൻ, കോഴിക്കോട്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് - KSOM, തുഞ്ചൻ സ്മാരക ഗവേഷണ കേന്ദ്രം, അമല കാൻസർ റിസർച്ച് സെന്റർ , തൃശ്ശൂർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - KFRI, C-MET, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യൂക്കേഷൻ എന്നിവയുമായും North Malabar Chamber of Commerce, Kannur, Kerala Institute of Local Administration (KILA), Thrissur, Central Institute of Fisheries Technology, Cochin, State |

Council of Educational Research and Training (SCERT), ASAP (Additional Skill Acquisition Programme), Kerala, Kerala Development and Innovation Strategic Council (K-DISC), Thiruvananthapuram, Sree Chitra Tirunal Institute for Medical Sciences and Technology SCTIMST- TIMed, Thiruvananthapuram, Kerala Police Adademy, Thrissur, Kerala Startup Mission, Kudumbasree Mission, KELTRON, ICT Academy, IHRD, ILDM, C-DIT, IMG മുതലായ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കുന്നതിന് സംസ്ഥാനത്തെ വിവിധ സർവകലാശാലകൾ നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പുമായി സഹകരിച്ചുകൊണ്ട് ഫയർ ആന്റ് റെസ്ക്യൂ സയൻസിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാം ഉൾപ്പെടെയുള്ള പ്രോഗ്രാമുകൾ നടത്തുന്നതിന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നടപടി സ്വീകരിക്കുന്നുണ്ട്.

എ.പി.ജെ.അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല എൻ.ഐ.റ്റി. കോഴിക്കോട് പോലുള്ള സ്ഥാപനങ്ങളുമായി ചേർന്ന് സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതിനുപരിയായി ഉന്നതവിദ്യാഭ്യാസ മേഖലയുടെ അക്കാദമിക ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

**1. സെന്റേഴ്സ് ഓഫ് എക്സലൻസ്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ :** സംസ്ഥാനത്തെ സർവ്വകലാശാലകളിലെ സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റ്/ സെന്ററുകൾ എന്നിവയെ അവയുടെ മികവിന്റെ അടിസ്ഥാനത്തിൽ 'സെന്റേഴ്സ് ഓഫ് എക്സലൻസ്' ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. താഴെപ്പറയുന്ന സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു :

1.University of Kerala,

2.MG University, Kottayam,

3.University of Calicut,

4.Kannur University,

5.CUSAT

6.A.P.J Abdul Kalam Technological University

**2. ഇ-ജേർണൽ കൺസോർഷ്യം :** സർവ്വകലാശാലകൾക്ക് യു.ജി.സി. സൗജന്യമായി നൽകിവന്നിരുന്ന ഈ-ജേർണൽ പദ്ധതി (UGC INFLIBNET) നിർത്തലാക്കിയ സാഹചര്യത്തിൽ, സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകൾക്കും/ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) പ്രവർത്തനക്ഷമമാണ്.

**3. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്):** കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു.

**4. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം & ബ്രെയിൻ ഗെയിൻ :** സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും രൂപീകരിച്ചിട്ടുള്ളതാണ് എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി.

**5. കോളേജുകളുടെ ക്ലസ്റ്റർ സ്കീം:** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവിലുള്ള സൗകര്യങ്ങളുടെ ഉചിതമായ ഉപയോഗത്തിലൂടെയും അവയെ യഥാവിധി പങ്കുവയ്ക്കുന്നതിലൂടെയും മെച്ചപ്പെട്ട അക്കാദമിക ഗുണനിലവാരം കൈവരിക്കാൻ സാധ്യമായ മാർഗമെന്ന നിലയിലാണ് ക്ലസ്റ്റർ ഓഫ് കോളേജ് എന്ന ആശയം നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിന്റെ അറിവും സ്ഥാപനങ്ങളുടെ അക്കാദമിക വിഭവങ്ങളും പങ്കാളിത്ത കൂട്ടായ ലക്ഷ്യങ്ങളുടെ നിർവ്വഹണത്തിലൂടെ കോളേജുകളുടെ പഠന നിലവാരം മെച്ചപ്പെടുന്നതിന് സാദ്ധ്യമാക്കുന്ന സംരംഭമാണ് ഓരോ ക്ലസ്റ്ററുകളും.

| | | | |
|---|---|---|---|
| | | | പ്രവേശനത്തിന്റെയും ഇക്വിറ്റിയുടെയും ഗുണനിലവാരത്തിന്റെയും ദേശീയ ലക്ഷ്യങ്ങളാണ് ക്ലസ്റ്ററുകളുടെയും അടിസ്ഥാന ലക്ഷ്യം. ഒരു ക്ലസ്റ്റർ ആയി കോളേജുകൾ ഓരോ വ്യക്തിഗത കോളേജിനൊപ്പം ഉയർന്ന അക്കാദമിക് പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ഓരോ സ്ഥാപനം ആനുകൂല്യങ്ങൾ ഓരോ സ്ഥാപനം ഇൻവെസ്റ്റ് ചെയ്യുന്ന വിഭവങ്ങളെക്കാൾ വലുതാണ്. അതനുസരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് അടിസ്ഥാനമാക്കി 2009 മുതൽ 3 ക്ലസ്റ്ററുകൾ പ്രവർത്തിക്കുന്നു. |
| (ബി) | മലയാള സർവ്വകലാശാലയും സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ യോജിച്ചുള്ള അക്കാദമിക് പ്രവർത്തനങ്ങൾക്ക് ധാരണയായിട്ടുണ്ടോ; എന്തൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങൾ യോജിച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയും സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ അക്കാദമിക പ്രവർത്തനത്തിൽ ധാരണയായിട്ടുണ്ട്. വിജ്ഞാനത്തിന്റെയും മനുഷ്യവിഭവശേഷിയുടെയും കൈമാറ്റം, വിദ്യാർത്ഥികൾക്കാവശ്യമായ പഠനസാമഗ്രികളുടെ പ്രസിദ്ധീകരണം, അക്കാദമിക പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം, വിജ്ഞാനകോശങ്ങളുടെ നിർമ്മാണം എന്നിവയാണ് മലയാള സർവകലാശാലയും സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടും യോജിച്ച് നടത്താൻ ധാരണയായിട്ടുള്ളത്.<br><br>**<u>ലക്ഷ്യങ്ങൾ</u>**<br><br>1.വൈജ്ഞാനികമേഖലയിലെ പുതിയ അറിവുകൾ പരസ്പരം കൈമാറുക.<br><br>2.അക്കാദമിക രചനയുടെ നൂതനമാതൃകകൾ വികസിപ്പിക്കുക.<br><br>3.വൈജ്ഞാനിക മേഖലയിൽ കാലാനുസൃതമായ പാഠ്യപദ്ധതികൾ വികസിപ്പിക്കുക<br><br>4.ഹ്രസ്വകാലകോഴ്സുകൾ നടത്തുക<br><br>5.വ്യത്യസ്ത വൈജ്ഞാനികമേഖലകളിൽ സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ഇതിലേക്കായി പശ്ചാത്തല സൗകര്യങ്ങൾ പങ്കുവെക്കുകയും ചെയ്യുക.<br><br>6.ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രറിയെ യൂണിവേഴ്സിറ്റി റഫറൻസ് ലൈബ്രറി ആയി പരിഗണിക്കുക.<br><br>7.ഇരു സ്ഥാപനങ്ങളുടെയും മനുഷ്യവിഭവശേഷി പരസ്പരം കൈമാറുക.<br><br>8.സംയുക്തമായുള്ള പ്രസിദ്ധീകരണങ്ങൾ ഏറ്റെടുത്ത് നിർവഹിക്കുക. |

| | | | |
|---|---|---|---|
| | | | 9.ആവശ്യാനുസരണം പുതിയ പദ്ധതികൾ ഏറ്റെടുക്കുക.<br><br>10.വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ്, പ്രോജക്ട് സഹകരണം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുക. |

സെക്ഷൻ ഓഫീസർ